# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.208

28-10-2019 ൽ മറുപടിയ്ക്ക്

## പരവൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജി.എസ്.ജയലാൽ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) പരവൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ; | എ) & ബി) പൊതമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 3 കോടി രൂപയുടെ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിന്റെ അനുമതിയ്ക്കായി അയച്ചിരുന്നു. നടപ്പു വർഷം കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ നിന്നും ടി പ്രവർത്തിയ്ക്കുള്ള 3 കോടി രൂപ കിഴിച്ചുള്ള ബാക്കി 2 കോടി രൂപയിൽ പരിമിതപ്പെടുത്തി മാത്രമേ പ്ലാൻ റൈറ്റപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റു പ്രവർത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കാവൂ എന്ന വ്യവസ്ഥയിൽ ധനകാര്യ വകുപ്പ് പ്രസ്തുത ശുപാർശ അംഗീകരിക്കുകയുണ്ടായി. എന്നാൽ മേൽപ്പറഞ്ഞ 5 കോടി രൂപയിൽ നിന്നും മറ്റു പ്രവൃത്തികൾക്ക് 3,40,30,000/- രൂപയ്ക്ക് നേരത്തേ തന്നെ ഭരണാനുമതി നൽകപ്പെട്ട സാഹചര്യത്തിൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ച നിബന്ധന ഇക്കാര്യത്തിൽ പാലിക്കാൻ സാധിക്കുകയില്ല എന്നതിനാൽ ഇക്കാര്യത്തിൽ വീണ്ടും ധനവകുപ്പിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്. |
| ബി) 2019-20 സാമ്പത്തിക വർഷത്തിൽ ത്തന്നെ പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാൻ കഴിയുമോയെന്നും ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ